**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3859** **27-10-2021 - ൽ മറുപടിയ്ക്ക്**

**ജയിൽ തടവുകാരുടെ അനധികൃത മൊബൈൽ ഫോൺ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജയിലിൽ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിച്ച് നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; | (എ) | പോലീസ് ഇന്റലിജൻസിൽ നിന്നും ലഭിച്ച സൂചനകളനുസരിച്ച് ജയിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള മിന്നൽ പരിശോധനയിൽ ഒളിപ്പിച്ച നിലയിൽ മൊബൈൽ ഫോണുകൾ കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സാഹചര്യങ്ങളിൽ ജയിൽ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികളും കേസ് രജിസ്റ്റർ ചെയ്തു നിയമ നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | തടവുകാരുടെ അനധികൃത മൊബൈൽ ഉപയോഗം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; | (ബി) | ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാരിൽ ചിലർ ജയിലിനുള്ളിൽ പാലിക്കേണ്ട ചട്ടങ്ങൾ ലംഘിക്കുകയും ജയിൽ സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ചില പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. |
| (സി) | ഇതിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ നിഗമനങ്ങളിന്മേൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ? | (സി) | അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജയിൽ മേധാവി സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയും വീഴ്ചകളുടെ ഗൗരവവും കണക്കിലെടുത്ത് വിയ്യൂർ സെൻട്രൽ ജയിലിൽ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ജോയിന്റ് സൂപ്രണ്ട് എന്നിവരെ സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ